# അനധികൃതമായി മണ്ണ് കടത്താൻ ശ്രമിച്ച ടിപ്പർ ലോറികൾ ഷാഡോ പോലീസ് പിടികൂടി

എറണാകുളം റൂറൽ ജില്ലയിൽ അനധികൃതമായി മണ്ണ് കടത്തുന്നവർക്കെതിരെ റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി ജോർജ്ജ്.ഐ.പി.എസ് –ആവിഷ്കരിച്ച പുതിയ പദ്ധതി പ്രകാരം വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ ഇന്ന് പുലർച്ചെ നടത്തിയ പ്രത്യേക റെയ്ഡിൽ അനധികൃതമായി മണ്ണ് കടത്തുവാൻ ശ്രമിച്ച രണ്ട് ടിപ്പർ ലോറികളും ,ജെ.സി.ബിയും ജില്ല പോലീസ് മേധാവിയുടെ ഷാഡോ പോലീസ് ടീം കുന്നത്തുനാട് പോലീസ് സ്റ്റേഷൻ പരിധിയിൽപെടുന്ന വലമ്പൂര് ഭാഗത്ത് നിന്നും പിടികൂടി.

എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ്.ഐ.പി.എസ് – ന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് ഷാഡോ പോലീസ് നടത്തിയ പരിശോധനയിലാണ് മണ്ണുൾപ്പെടെ 2 ടിപ്പർലോറികളും, ഒരു ജെ.സി.ബി.യും, പിടിച്ചെടുത്തത്. നോർത്ത് മഴുവന്നൂർ കയ്യാലക്കൽ വീട്ടിൽ ശ്രീജേഷിൻെറ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിന്നാണ് മണ്ണെടുത്തുകൊണ്ടിരുന്നത്.

സ്പെഷ്യൽ ഷാഡോ പോലീസ് ടീമിൽ ഷാഡോ എ.എസ്.ഐ ജോയ്, പോലീസുകാരായ രാജേഷ്, ശ്യാംകുമാർ, മനോജ്, പ്രശാന്ത്, നിഖിലേഷ്, മുഹമ്മദ് എന്നിവരുണ്ടായിരുന്നു.

മണ്ണും, ലോറികളും, ജെ.സി.ബിയും കുന്നത്തുനാട് പോലീസ് സ്റ്റേഷനിലേക്ക് മാറ്റി റിപ്പോർട്ട് തയ്യാറാക്കി ജിയോളജിക്കൽ ഡിപ്പാർട്ട്മെൻറിന് കൈമാറി.

റൂറൽ ജില്ലയിൽ നിയമവിരുദ്ധമായി പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് പിടികൂടുന്നതിനായി വ്യാപക റെയ്ഡുകൾ നടത്തി കർശന നടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.